**POLICE** **DEPARTMENT**

**KERALA**

**No. G2-16532/2016/QR**
District Police Office,
Kollam Rural
spklmrl.pol@kerala.gov.in
04742450858
Dated. 02-02-2017

**ലേലപരസ്യം**

കൊല്ലം റൂറൽ ജില്ലയിലെ കുളത്തൂപ്പുഴ സർക്കിളിനു കീഴിനുള്ള കുളത്തൂപ്പുഴ പോലീസ് സ്റ്റേഷൻ കോമ്പൌണ്ടിലുള്ള ഒൻപത് എണ്ണം ക്വാർട്ടേഴ്സുകളടങ്ങുന്ന പഴയ നാലു കെട്ടിടങ്ങൾ 25.03.2017 നു രാവിലെ 11 മണിക്ക് സ്റ്റേഷൻ പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു പൊളിച്ചു നീക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരകേണ്ടതും, ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപായി നിരത ദ്രവ്യമായി 6000/- രൂപ (ആറായിരം രൂപ മാത്രം) കെട്ടിവച്ച് ലേലത്തിൽ പങ്കു കൊള്ളേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരത ദ്രവ്യമായ സംഖ്യ അടച്ച ഡിമാണ്ട് ഡ്രാഫ്റ്റ് സഹിതം (കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ) 24.3.2017 നു വൈകിട്ട് 3 മണിക്ക് മുൻപ് പുനലൂർ അസിസ്റ്റന്റ് പോലീസ് സുപ്രണ്ട് മുൻപാകെ സമർപ്പിക്കേണ്ടതാണ്. ദർഘാസ് അടങ്ങിയ കവറിനു പുറത്ത് **"പോലീസ് ഡിപ്പാർട്ട്മെൻറ് വക കുളത്തൂപ്പുഴ ക്വാർട്ടേഴ്സ് കെട്ടിടം ലേലം ചെയ്തു വാങ്ങുന്നതിനുള്ള ദർഘാസ്"** എന്ന് വ്യക്തമായി എഴുതേണ്ടതാണ്. കൂടാതെ ദർഘാസ് സമർപ്പിച്ചിട്ടുള്ളവരെല്ലാവരും ലേല സമയത്ത് ഹാജരാകേണ്ടതും ആണ്.

പരസ്യ ലേലം കഴിഞ്ഞാൽ ഉടനെ ദർഘാസ് അടങ്ങിയ കവറുകൾ തുറക്കുന്നതും കൂടിയ തുകക്ക് ലേലം കൊണ്ടയാൾക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി നൽകുന്നതും ആണ്. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി ലേല തുകയുടെ പകുതി (നികുതി ഉൾപ്പെടെ) ലേല സ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ലഭിച്ചു കഴിഞ്ഞാൽ പത്ത് ദിവസത്തിനകം മുഴുവൻ തുകയും അടച്ച് ലേലം കൈക്കൊണ്ടയാൾ എത്രയും പെട്ടെന്ന് തന്നെ സ്വന്തം ചിലവിൽ കെട്ടിടങ്ങൾ പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി കെട്ടിടങ്ങൾ പുനർ ലേലം ചെയ്യുന്നതും ആയിരിക്കും.പുനർലേലത്തിൽ സർക്കരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹാതയോ ഉണ്ടായിരിക്കുന്നതല്ല.

ലേലം നിശ്ചയിച്ചിരിക്കുന്ന കെട്ടിടങ്ങൾ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിനങ്ങളിൽ പോലീസ് ഇൻസ്പെക്ടർ , കുളത്തൂപുഴയുടെ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്.യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടി ക്രമങ്ങൾ റദ്ദു ചെയ്യുന്നതിനുമുള്ള അധികാരം ജില്ല പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ലേലത്തിന് ബാധകമായിരിക്കും.



Surendran S IPS
District Police Chief

G2-16532/2016/QR fe61ce

| | | |
|---|---|---|
| To | : | കൊല്ലം റൂറൽ ജില്ലയിലെ എല്ലാ ഓഫീസർ മാർക്കും വേണ്ടത്ര പ്രചാരണത്തിനായി. പബ്ലിക് റിലേഷൻ ഓഫീസർ കൊല്ലം ജില്ല വേണ്ടത്ര പ്രചാരണത്തിനായി. കാഷ്യർ ഡി പി ഓ നിരത ദ്രവ്യം സ്വീകരിക്കുന്നതിനായി. |
| Copy To | : | പോലീസ് ഡയറക്ടർ ജനറൽ എസ് സി ആർ ബി ക്കു പോലീസ് വെബ് സൈറ്റിൽ പ്രചരണത്തിനായി നൽകുന്നു. എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കാമാണ്ടാന്റ് മാർക്കും പ്രചാരണത്തിനായി. സംസ്ഥാന പോലീസ് മേധാവി, പോലീസ് ഇൻസ്പെക്ടർ ജനറൽ തിരുവനന്തപുരം റേഞ്ച് അറിവിനായി. ഡി. സി /എ സി എ ആർ കൊല്ലം, എ എ, എ ഓ, മാനേജർ, ഡി പി ഓ. ലൈസൺ ഓഫീസർ പരസ്യത്തിനായി. |